പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5240 27.06.2019 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരിച്ച് അരിയാക്കി സിവിൽ സപ്ലൈസിന് കൈമാറുന്ന സംഘങ്ങൾ

ചോദ്യം
ശ്രീ.ജോർജ് എം. തോമസ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് അരിയാക്കി സിവിൽ സപ്ലൈസിന് കൈമാറുന്ന എത്ര സഹകരണ സംഘങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; ഇതിന്റെ ഗുണഫലങ്ങൾ വ്യക്തമാക്കുമോ; | (എ) | വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി സിവിൽ സപ്ലൈസിന് കൈമാറുന്നതിനായി നിലവിൽ സഹകരണ സംഘങ്ങളെ ഒന്നും തന്നെ നിയമിച്ചിട്ടില്ല. |
| (ബി) | ഈ സംരംഭത്തിന് സർക്കാരിന്റെ സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | നെല്ല് സംഭരണ പദ്ധതി പ്രകാരം സംഭരിക്കുന്ന നെല്ലിന്റെ അടിസ്ഥാന താങ്ങുവിലയും സംസ്കരണ ചെലവും കേന്ദ്ര സർക്കാരും കർഷകർക്ക് നൽകുന്ന പ്രോത്സാഹന ബോണസ് ഇനത്തിലുള്ള തുക സംസ്ഥാന സർക്കാരും നൽകുന്നു. |
| (സി) | നെല്ല് സംഭരണത്തിന് അനുമതിക്കായി കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് നൽകിയ അപേക്ഷയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ? | (സി) | നെല്ല് സംഭരണത്തിന് അനുമതിക്കായി കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് സമർപ്പിച്ച അപേക്ഷകൾ ഒന്നും തന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ